## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2313 | 17.08.2017-ൽ മറുപടിയ്ക്ക്

## ചികിത്സാസഹായം വിതരണം ചെയ്യുവാൻ ഉണ്ടാകുന്ന കാലതാമസം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് വഴി അനുവദിക്കുന്ന ചികിത്സാ സഹായം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ചികിത്സാധനസഹായത്തിനായി ലഭ്യമാകുന്ന അപേക്ഷകളിൽ കാലതാമസം വരാതെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | (സി) | നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതിയിൽപെട്ട 195 പേർക്കായി 26,25,500/-രൂപ (ഇരുപത്തിയാറു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അഞ്ഞൂറ്) രൂപ ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപെട്ട ഒരാൾക്ക് 1500/-രൂപ ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ